''വരിക കണ്ണാല്ക്കാണാന്
വയ്യാത്തൊരെന് കണ്ണനേ
തരസാ നുകര്ന്നാലും
തായ തന് നൈവേദ്യം നീ''

'മാമ്പഴം' എന്ന കാവ്യത്തെ ഏകാങ്കമാക്കി അവതരിപ്പിച്ച് അരങ്ങിനെ ത്രസിപ്പിച്ച അഭിനേത്രിയുടെ സര്ഗ്ഗപ്രഭാവിശേഷങ്ങളുമായി ഓണനാളുകളിലെ പ്രതിഭാ
ദളം വിടരുന്നു.

സഹര്ഷം ഈയാഴ്ചയില്
TB of the Week.

ശോഭിത വി.എം
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
RACPC കോഴിക്കോട്.

കോഴിക്കോട് കൊയിലാണ്ടിയില് ശ്രീ.വി.എം.മാധവന്- ശ്രീമതി വാസന്തി ദമ്പതികളുടെ നാലു പെണ്മക്കളില് രണ്ടാമത്തെയാള്.

കെ.എസ്. ആര്.ടീ.സി യില് കണ്ടക്ടറായി ജോലി നോക്കി വിരമിച്ച പിതാവും ഗൃഹഭരണത്തിന്റെ സാരഥ്യം ശോഭിതമാക്കിയ മാതാവും ചേര്ന്ന കുടുംബം തന്റെ കലാര്പ്പണത്തിന് പ്രചോദനം പകരുന്നു.''വലിയമുറ്റം എന്ന തറവാടില് അമ്മച്ഛന് ചാത്തുക്കുട്ടികുറുപ്പ് തന്റെ ജീവിതകാലത്ത് ബന്ധുക്കള്ക്കും സുഹൃത്തുക്കള്ക്കും എഴുതിയിരുന്ന കത്തുകളൊക്കെയും കവിതാരൂപത്തിലായിരുന്നു. ആ കവിതകളുടെ ഒരു വലിയശേഖരം സൂക്ഷിച്ചു വച്ചിട്ടുണ്ട്. അദ്ദേഹം എഴുതിയ 'അഞ്ചടിക്കവിത'യിലെ സമ്മോഹനമായ നാട്ടറിവും രൂപകങ്ങളും താളഭദ്രതയും എന്നില് സ്വാധീനം ചെലുത്തിയിട്ടുണ്ടാകണം''

ശ്രീ മാധവന്, അമച്വര് നാടക കൂട്ടായ്മയായ അണേലയിലെ 'കൈരളി കലാവേദി' യുടെ നാടകങ്ങളില് അഭിനേതാവായും രചയിതാവായും അറിയപ്പെടുന്ന കലാകാരന്. ആകാശവാണി നാടകങ്ങളിലും തിളങ്ങി. കവിയും ചിത്രകാരനുമാണ്.

പാഠ്യേതര വിഷയങ്ങളില് അച്ഛനും കുടുംബാംഗങ്ങളും നല്കിയ പ്രോത്സാഹനം സീമാതീതമാണ്- ശോഭിത തന്റെ പ്രതിഭാവികാസവീഥിയിലേക്ക് വെളിച്ചം പകര്ന്നു.

മരുതൂര് GLP സ്കൂള്, കോതമംഗലം GLP സ്കൂള്, കൊയിലാണ്ടി GGHSS, കോഴിക്കോട് മീഞ്ചന്ത ഗവ.ആര്ട്സ് & സയന്സ് കോളേജ് (Pre-Degree), വടകര

മോഡല് പോളിടെക്നിക് (അപ്ലൈെഡ് ഇലക്ട്രോണിക്സില് ഡിപ്ലാമ), തുടര്ന്ന് കൊയിലാണ്ടി SNDP കോളേജില് ചേര്ന്ന് BA (English literature) ബിരുദം നേടി. കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ നന്മണ്ട ബി. എഡ്. സെന്ററില് പഠിച്ച് B.Ed ബിരുദവും നേടിയ ശേഷം വടകര അമൃത പബ്ലിക് സ്കൂളില് അദ്ധ്യാപികയായി പ്രവര്ത്തിച്ചു. BA ഫൈെനല് ഇയര് വിദ്യാര്ത്ഥിനിയായിരുന്നപ്പോഴായിരുന്നു, വടകരയില് നിന്നുള്ള ശ്രീ. യു. കെ.ഗിരീഷ് കുമാറുമായുള്ള വിവാഹം. കേരള ജലസേചനവകുപ്പില് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് ഗിരീഷ്. അഞ്ചാം ക്ലാസിലെത്തിയ മകള് ദ്യുതിയും ചേര്ന്ന ശോഭിതകുടുംബത്തില് ഏവരും കലയുടെ ഉപാസകര്. ശ്രീ ഗിരീഷ് നല്കുന്ന പിന്തുണയും ശ്രദ്ധയും ആത്മവിശ്വാസമേറ്റുന്നു. ദ്യുതി, കോഴിക്കോട് ചോയ്സ് സ്കൂളില് പഠിക്കുന്നു. ഭരതനാട്യത്തില് ശാസ്ത്രീയ പഠനത്തിലും ശ്രദ്ധയൂന്നുന്നു. ദ്യുതിയോടൊപ്പം ശോഭിതയും ഭരതനാട്യം പഠിക്കുന്നു. കോഴിക്കോട് സപ്ന മുരളീധരന്, ഗൗരി ദര്പ്പണം എന്നിവരാണ് രണ്ടുപേരുടെയും ഗുരുക്കള്.

കലാസാഹിത്യാഭിരുചികളും വളര്ച്ചയും വികാസവും ബാങ്കിംഗിലേക്കുള്ള വരവും ബാങ്കിലെ കലാവേദികളും ടാലന്റഡ് ബാങ്കേഴ്സ് കൂട്ടായ്മയുടെ പ്രോത്സാഹനവും- ശോഭിതക്കു പറയുവാനേറെയുണ്ട്, ഞങ്ങളുടെ സംഭാഷണം തുടര്ന്നു-

മോണോ ആക്ട് , കഥാപ്രസംഗം, പദ്യപാരായണം, കവിതാവിഷ്കാരം, സ്റ്റോറി ടെല്ലിംഗ്, ഫാന്സി ഡ്രെസ്സ്, നാടകാഭിനയം എന്നിവയില് സ്കൂള് തലം മുതല് പഠനകാലത്ത് മികവ് തെളിയിച്ചതിന്റെ സാക്ഷ്യപത്രങ്ങളുടെ ഒരു വലിയ ശേഖരം കൈെമുതലായുണ്ട്.

വടകര മോഡല് പോളി ടെക്നിക്കില് പഠിച്ചിരുന്ന മൂന്നു വര്ഷങ്ങളിലും കലാതിലകമായും മികച്ച നാടകാഭിനേത്രിയും നാടകസംവിധായകയായും അംഗീകാരങ്ങള് നേടി. കൊയിലാണ്ടി SNDP കോളേജിലെ പഠനകാലത്ത് എന്. എസ്. എസ് വോളണ്ടീയറായും ടീം ലീഡറായും പ്രവര്ത്തിച്ചു.

പിതാവിനോടൊപ്പം വിഖ്യാത നാടകഗുരുക്കളായ മധുമാസ്റ്റര്, രാജുമാസ്റ്റര് എന്നിവരുടെ മാര്ഗ്ഗനിര്ദ്ദേശങ്ങളും തനിക്ക് ലഭിച്ചിരുന്നു. തന്റെ നാടകപരിശീലനഘട്ടങ്ങളുടെ ഗരിമയില് അഭിമാനപുരസ്സരം ശോഭിതയുടെ വാക്കുകള്.

ബാങ്കിംഗ് റിക്രൂട്മെന്റ് ഇന്റര്വ്യൂവില് നേരിട്ട രസകരമായ അനുഭവവും ശോഭിത പങ്കു വെയ്ക്കുന്നു-
കലാസപര്യയുടെ സര്ട്ടിഫിക്കറ്റുകളുടെ ശേഖരത്തിലൂടെ കണ്ണോടിച്ചു കൊണ്ട് ഇന്റര്വ്യു ബോര്ഡ് പൊടുന്നനെ ഒരു ടാസ്ക് നല്കി.
''ഒരു മോണോ ആക്ട് അവതരിപ്പിക്കുവാനാണ് ആവശ്യപ്പെടുന്നത്;

വിടുമോ ഞാന്!ഒരു നിമിഷം പോലുമെടുത്തില്ല! അവതരിപ്പിച്ചു! ബോര്ഡ് ഏകകണ്ഠമായി സമ്മതിച്ചു തന്നതാകണം, തന്റെ SBI പ്രവേശനം!''

2008 ല് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൊയിലാണ്ടി ബ്രാഞ്ചില് കസ്റ്റമര് റിലേഷന്സ് അസോസിയേറ്റായി ആദ്യനിയമനം. 2010 ല് അത്തോളി ബ്രാഞ്ചിലേക്ക് ട്രാന്സ്ഫര് ലഭിച്ചു. ആ വര്ഷം തന്നെ ട്രെയിനി ഓഫീസര് ആയി പ്രൊമോഷനും ലഭിച്ചു. തുടര്ന്ന്, എറണാകുളം മെയിന് ബ്രാഞ്ച്, RBO 1 എറണാകുളം (AM), SBI Intouch ഇടപ്പള്ളി, കക്കോടി, മേലാടി എന്നീ ബ്രാഞ്ചുകളില് ബ്രാഞ്ച് മാനേജരായും RBO 2 കോഴിക്കോട് DO ആയും പ്രവര്ത്തിച്ചു. ഇപ്പോള് കോഴിക്കോട് RACPC യില് ഡെപ്യൂട്ടി മാനേജരായി സേവനം തുടരുന്നു.

SBI Inhouse മാഗസീന്- 'കേരള' ത്തില് കവിതകള് പ്രസിദ്ധീകരിച്ചിട്ടുണ്ട്. SBIOA നല്കുന്ന കലാസാഹിത്യവേദികളിലൂടെ തന്റെ സര്ഗ്ഗവാസനകള് അവതരിപ്പിക്കുവാനും അംഗീകാരങ്ങള് നേടുവാനും കഴിയുന്നതില് അതിയായ സന്തോഷവും ശോഭിതയുടെ വാക്കുകളില് നിറയുന്നു.

ടാലന്റഡ് ബാങ്കേഴ്സ് കൂട്ടായ്മ നല്കുന്ന അവസരങ്ങളും പ്രോത്സാഹനവും തന്നിലെ സര്ഗ്ഗവാസനകള്ക്ക് നവജീവന് നല്കുന്നു. ടീ ബിയുടെ ആദ്യ കഥാസമാഹാരം- ''കമ്മട്ടം'' കഥകളിലൊന്ന് -'ഒരു മിന്നല് വെളിച്ചം''- ബാങ്കിംഗ് ജീവിതത്തിലെ തിളക്കമാര്ന്നൊരേടായി ആ കഥ 'കമ്മട്ട'ത്തില് ചേര്ത്തു കണ്ടതിലുള്ള അഭിമാനം ശോഭിതയുടെ വാക്കുകളില് നിറഞ്ഞു.

ടീ ബി കോഴിക്കോട് മീറ്റില് ശോഭിത അവതരിപ്പിച്ച മോണോ ആക്ട് പ്രത്യേക പരാമര്ശമര്ഹിക്കുന്നു.

കലോത്സവവേദികളിലെ മോണോആക്ട് വിഭാഗത്തില് എക്കാലത്തെയും വിസ്മയമായിത്തീര്ന്നിട്ടുള്ള വൈലോപ്പിള്ളിയുടെ ''മാമ്പഴം'' എന്ന കാവ്യത്തിന് ശോഭിതയേകിയ നൂതന രൂപഭാവതലങ്ങള് സദസ്സിനെയൊന്നാകെ ഇതിവൃത്തത്തിന്റെ ഗരിമയിലേക്കടുപ്പിച്ചു നിര്നിമേഷരാക്കി.
''നീണ്ടു നിന്ന കരഘോഷങ്ങളുടെ അകമ്പടിയോടെ വേദിയില് നിന്നിറങ്ങുമ്പോള് അനുഭവിച്ച നിര്വൃതി വാക്കുകള്തീതം! ഈ വേദിക്കുവേണ്ടി സ്ക്രിപ്റ്റും രംഗാവിഷ്കാരവും തയ്യാറാക്കുവാന് പിതാവ് തന്നെയേറെ സഹായിച്ചു''- ചാരിതാര്ത്ഥ്യം വാക്കുകളില് ശോഭായമാനമായി.

ഭരതനാട്യപഠനം പൂര്ത്തിയാക്കുക, ഭാവാഭിനയസംബന്ധമായ അറിവുകളെ പരിപോഷിപ്പിക്കുക, രചനാവഴിയിലൂടെ യാത്ര തുടരുക- തന്റെ കലാസപര്യയുടെ തുടര് വഴികളിലേക്ക് ചിന്തകള് പകര്ന്നു

കൊണ്ട് ഞങ്ങളുടെ സംഭാഷണം സമാപിച്ചു.

സര്ഗ്ഗപ്രഭാമണ്ഡലത്തില് പുതുസരണികള് വിടരട്ടെ. ശോഭിത ഗിരീഷിനും കുടുംബത്തിനും ഹൃദ്യമായ ഓണാശംസകളോടെ

ടാലന്റഡ് ബാങ്കേഴ്സ്.

-----------------------------------------------------------------------------------------------
തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC, പത്തനംതിട്ട
-----------------------------------------------------------------------------------------------

'Varika Kannal kaanan
Vayyathoren kannane
Tharasa nukarnnalum
Thaaya than naivedyam nee'

We hereby acquaint you with a multitudinously talented banker who captivated the audience with her enactment of the poem 'Mambazham'.

Shobhitha V.M
State Bank of India
RACPC Kozhikode.

Shobhitha was born as the second of the four daughters of Mr. V. M. Madhavan and Mrs. Vasanthi in Koyilandi, Kozhikode.

Her family including her father, who retired as a conductor from KSRTC and her mother, a home maker, inspires her artistic aspirations.

All the letters penned by her grandfather, Chathukutti kurupu in a bid to send to his relatives and friends during his lifetime in Valiyamuttam Tharavadu were in the form of poetry. Shobhitha still retains a sizeable collection of poems with her in commemoration of his exemplary literary achievements. " The folklore, metaphors and rhythm encompassed in his 'Anchatikavitha' would have had an impact on me."-says Shobhitha.

Shri Madhavan,her father, is well known as an actor and playwright and is often a part of the plays organized by 'Kairali Kalavedi', an amateur theatre group. He used to participate in dramas broadcast in Akashavani. He is a poet as well as an artist.

The seamless encouragement extended by her family members, her father in particular, merits mention. Shobhitha kept on shedding light on her advancement as an artist par excellence,through out her conversation.

She had her schooling in GLP School, Maruthur, GLP School Kothamangalam and GGHSS, Koyilandi. She completed Pre-degree course from Kozhikode Govt. Arts & Science College. Thereafter she graduated from Model Polytechnic College in Vadakara with a diploma in applied electronics before enrolling at SNDP College in Koyilandi, where she went on to receive a BA in English literature. She completed B.Ed from B. Ed Centre,Nanmanda under Kozhikode University. Shortly after, she worked as a teacher in Amritha Public School, Vadakara.

Shobhitha got married to Mr U K. Girish Kumar when she was pursuing final year of BA degree. Girish is working an executive engineer in Kerala Irrigation Department.

Their daughter Dyuthi, is studying in fifth grade in Choice School. The unwavering support extended by her family keeps her moving ahead. Shobhitha along with Dyuthi has been learning Bharatanatyam also under the tutelage of Swapna Muralidharan and Gauri Darpanam hailing from Kozhikode.

Shobhitha further reflected on her literary preferences, growth and advancement as an artist, her foray into banking, the opportunities which came across her path and the confidence instilled in her by Talented Bankers community.

Shobhitha has got a huge collection of the accolades won by her participating in mono act, story telling, poetry recitation, fancy dress and drama since her school days.

While pursuing studies at Model Polytechnic college, Vadakara, she won the titles of Kalathilakam, best actress and best director of drama for three years in a row.
She served as NSS Volunteer and team leader during her stint at SNDP College.

Shobhitha reminisces with pride that she has had the privilege of guidance being imparted by famed drama artists- Madhu master and Raju master.

Shobhitha also shared an interesting experience she had in the banking recruitment interview. The interview board unexpectedly asked her to perform monoact to which she responded instinctly and mesmerized them with her performance.

Shobhitha got through the interview and her first appointment was as a Customer Relations Associate at Koyilandi Branch of State Bank of India in 2008 from where she got transferred to Atholi branch in 2010.She got promoted as a trainee officer in the same year. Thereafter she served in Ernakulam Main Branch and RBO 1 Ernakulam where she worked as AM.

She worked as Branch Head in SBI Intouch,Edappalli and in Kakkodi and Meladi branches. She served as DO in RBO 2,Kozhikode.

.
She is presently working as Deputy Manager at RACPC, Kozhikode.

She has got her poems published in SBI’s Inhouse Magazine- 'Kerala'. Sobhitha gratefully remembers and is appreciative of the platforms provided by SBIOA which has helped her hone her talents.The opportunities and encouragement provided by the Talented Bankers Association contributes to fulfilling her creative instincts.

The story penned by Shobhitha-‘Oru Minnal Velicham’ was featured in TB's first collection of stories - "Kammattam" which she exuberantly speaks about.

Mono act performed by Shobhitha at TB’s Kozhikode meet gained wide attention.
She enacted Vyloppilly’s poem 'Mambazham' which garnered a wide round of applause from the audience. Shobhitha thankfully remembers that her father helped her in preparing script and screenplay for her performance.

She dreams of furthering her passion for Bharathanatyam, nurturing her skills in acting, and furthering her artistic journey.

Talented Bankers Community wishes Shobhitha and her family all the best in their future endeavours.